LIBRARY ARCHIVES Kerala Legislative Assembly

നെന്മാറ നിയോജകമണ്ഡലത്തിലെ ആറടി, ആറ്റാലക്കടവ് പാലങ്ങളുടെ പണികൾ

290(3215) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ആറടി പാലത്തിന്റെയും ആറ്റാലക്കടവ് പാലത്തിന്റെയും പണികൾ എന്നു തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ;

(ബി) ടെന്റർ നടപടി പൂർത്തീകരിച്ച പ്രസ്തുത പാലങ്ങളുടെ പണി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പാലങ്ങളുടെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആറടി പാലത്തിന്റെ പ്രവൃത്തിക്കായി കരാർ വച്ചിട്ടുണ്ട്. ആറ്റാലക്കടവ് പാലത്തിന്റെ പ്രവൃത്തിക്കായി സെലക്ഷൻ നോട്ടീസ് നൽകി. കരാർ വയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കരാർ വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ബി) നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

(സി) ആറടി പാലത്തിന്റെ പ്രവൃത്തി എഗ്രിമെന്റ് കാലാവധിയായ 6 മാസം കൊണ്ടും ആറ്റാലക്കടവ് പാലത്തിന്റെ പ്രവൃത്തി, എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് എഗ്രിമെന്റ് കാലാവധിയായ 24 മാസം കൊണ്ടും പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ ബൈപ്പാസ്

291(3216) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ് ;

(ബി) ബൈപ്പാസ് നിർമ്മാണം തടസ്സപ്പെടാൻ കാരണമെന്താണ് ; വിശദമാക്കാമോ ;

(സി) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ;

(ഡി) ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി ആലപ്പുഴ ബൈപ്പാസുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 1978-ൽ സ്ഥലമെടുപ്പ് നടപടി തുടങ്ങി സ്ഥലമേറ്റെടുക്കൽ തുടങ്ങി. സ്ഥലമേറ്റെടുക്കൽ 1983-ൽ പൂർത്തീകരിച്ചു. ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം 1990-ൽ ആരംഭിച്ചു.

(ബി) പല ഘട്ടങ്ങളിലായാണ് പ്രവൃത്തി നടന്നത്. അതിൽ രണ്ട് ഘട്ടങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചു. മൂന്നാമത്തെ ഘട്ടം ആയ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുണ്ടായ കാലതാമസമാണ് ബൈപ്പാസിന്റെ നിർമ്മാണം തടസ്സപ്പെടുവാൻ കാരണമായത്.

(സി) ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ലഭിച്ച എസ്റ്റിമേറ്റ് തുകയേക്കാൾ 31.92% അധിക നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നതിനാൽ ടെണ്ടർ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ബൈപ്പാസ് നിർമ്മാണം പൂർത്തിയാകുന്നതോടെ ആലപ്പുഴ നഗരത്തിലെ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിൽ പൊതു ശൗചാലയങ്ങളുടെയും പാലത്തിന്റെയും നിർമ്മാണം

292(3217) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച ശിപാർശയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ആലപ്പുഴയിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കപ്പെട്ട സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly